**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5677** **08-11-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ കടബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ ; | (എ) | കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. 15-ാം ധനകാര്യ കമ്മീഷൻ എടുത്ത അശാസ്ത്രീയമായ മാനദണ്ഡങ്ങൾ, നീതിപൂർവ്വം അല്ലാത്ത ജി.എസ്.ടി. നിരക്കിൽ ഉള്ള മാറ്റങ്ങൾ, സംസ്ഥാനവുമായി പങ്കിടാത്ത പെട്രോൾ, ഡീസൽ നികുതിയിലുള്ള വർദ്ധനവ് തുടങ്ങിയവയും ഈ പ്രതിസന്ധിക്ക് ആക്കം കൂട്ടി. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും നടപ്പ് സാമ്പത്തിക വർഷം സാമ്പത്തിക പ്രതിസന്ധി അതീവ ഗുരുതരമാക്കിയിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും ഈ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. |
| (ബി) | 2016-ന്റെ ആരംഭത്തിൽ സംസ്ഥാനത്തിന്റെ ആകെ കടം എത്രയായിരുന്നു എന്നറിയിക്കാമോ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ 31.03.2016 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ കടം (കടബാദ്ധ്യത) 1,57,370.33 കോടി രൂപയാണ്. |
| (സി) | 2021-ന്റെ തുടക്കത്തിൽ സംസ്ഥാനത്തിന്റെ കടം എത്രയായിരുന്നു എന്നറിയിക്കാമോ; | (സി) | അക്കൗണ്ടന്റ് ജനറലിന്റെ 31.03.2021 വരെയുള്ള ഏറ്റവും പുതിയ താൽക്കാലിക കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ കടം (കടബാദ്ധ്യത) 3,02,666.84 കോടി രൂപയാണ്. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ അധികാരത്തിലേറുമ്പോൾ സംസ്ഥാനത്തിന്റെ കടബാധ്യത എത്ര കോടി ആയിരുന്നു എന്നറിയിക്കാമോ; | (ഡി) | അക്കൗണ്ടന്റ് ജനറലിന്റെ 31.03.2021 വരെയുള്ള ഏറ്റവും പുതിയ താൽക്കാലിക കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ കടം (കടബാദ്ധ്യത) 3,02,666.84 കോടി രൂപയാണ്. |
| (ഇ) | മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ വിവിധ ഏജൻസികൾ വഴിയും ലോകബാങ്ക് മുഖേനയും സംസ്ഥാനം എടുത്ത കടം എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ; ഇവയുടെ തിരിച്ചടവ് വിവരങ്ങൾ വ്യക്തമാക്കാമോ ? | (ഇ) | 2015-16 മുതൽ 2020-21 വരെയുള്ള കാലയളവിൽ വിദേശ സഹായ പദ്ധതികൾക്കായി ലഭിച്ച വായ്പയുടെയും ഈ വകയിൽ നടത്തിയ തിരിച്ചടവിന്റെ വിശദാംശവും ചുവടെ ചേർത്തുകൊള്ളുന്നു. വർഷം വായ്പ തിരിച്ചടവ് (കോടിയിൽ) (കോടിയിൽ) 2015-16 531.35 115.37 2016-17 852.14 226.43 2017-18 444.76 328.66 2018-19 452.17 442.03 2019-20 2150.69 467.71 2020-21 1169.71 478.33 |

സെക്ഷൻ ഓഫീസർ